(സി) അങ്ങിനെ മാർക്ക് നൽകി ആ വിദ്യാത്ഥിയെ തിരഞ്ഞെടുക്കുവാൻ വല്ല പ്രത്യേകകാരണങ്ങളുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഉവ്വ്. അത്തരം അഞ്ചുപേരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഏതു വിദ്യാത്ഥിയെ ആണ് സൂചിപ്പിക്കുന്നതെന്നു മനസ്സിലാകുന്നില്ല.

(സി) മേൽ പ്രസ്താവിച്ചതിൽ നിന്നു ഈ ചോദ്യം ഉദിക്കുന്നില്ല.

ചിറ്റാറിൽ ഒരു പാലം

*൧൪൦. (൫൧) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സദയം മറുപടി പറയുമോ?

നെയ്യാറ്റിങ്കര താലൂക്കിൽ ഒറ്റശേഖരമംഗലം പകുതിയിൽ ചിറ്റാറിൽ ഒരു പാലം പണിയേണ്ടതിന്റെ അത്യാവശ്യത്തെപ്പറ്റി പൊതുജനങ്ങൾ വളരെക്കാലമായി പരാതിപ്പെടുന്നുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ ജി. ചന്ദ്രശേഖരപിള്ള): ഉണ്ട്. ബഡ്ജറ്റിൽ പെരുങ്കടവിള കുന്നത്തുകാൽ റോഡിൽ ചിറ്റാറിൽ പാലം കെട്ടാൻ പ്രൊവിഷൻ ഉണ്ട്. എസ്റ്റിമെയിറ്റ് തയാറായി വരുന്നു. ഈ ആണ്ടിൽത്തന്നെ ലീ തുടങ്ങുന്നതാണ്. (item 249 Part II)

പിന്നോക്കസമുദായോദ്ധാരണം

*൧൫൫. (൫൫) ശ്രീ. എം. പി കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായോദ്ധാരണ വകുപ്പിന്റെ ഭരണം പിന്നോക്കസമുദായാംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു കമ്മറ്റിയെ ഏല്പിക്കുവാൻ എത്രയെന്നോറാണ്ടുകൾ ഏതെല്ലാം സംഘടനകളിൽ നിന്നും ഇതിനകം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഇവിടത്തെ പിന്നോക്കസമുദായോദ്ധാരണ വകുപ്പിന്റെ ഇപ്പോഴത്തെ ഭരണത്തെപ്പറ്റി വല്ല പരാതിയും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചു എന്നു പറയുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) അങ്ങിനെയുള്ള മെമ്മോറാണ്ടങ്ങൾ ഒന്നുംതന്നെ കിട്ടിയിട്ടില്ല.

(ബി) ഉണ്ട്.

(സി) അവ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

കോളേജ് വിദ്യാത്ഥികൾക്കു വേതനം

*൧൫൬. (൫൭) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായാംഗങ്ങളായ കോളേജ് വിദ്യാത്ഥികൾക്കു പ്രതിമാസം ൫൦ രൂപാ വീതം വേതനം അനുവദിക്കണമെന്നുള്ള പിന്നോക്ക

LIBRARY ARCHIVES Kerala Legislative Assembly